has not been given to the Latin Christians who form a large proportion of the population throughout the State. The Latin Christians must be treated as a separate community in the matter of appointments and preference must be given to the members of that community as their claims have been sadly overlooked in the past. Prior consideration must be given to the members of that community in the matter of appointments to raise them from their backward condition. They deserve to be in the position of advanced communities.

Travancore is considered to be the land of charity and a portion of the State revenue is being spent for that purpose every year. A number of *Oottupuras* were abolished some years ago. The amount that has been saved by the stopping of these *Oottupuras* may now be spent for the establishment of permanent homes for the poor. Such homes may be established at the head-quarters of each taluk. Only the lame, the blind and the deserving poor rendered incapable on account of age or sickness must be fed in such homes and such people should not be allowed to wander up and down the roads and streets begging. These institutions must be conducted each under the management of a committee consisting of two official and three non-official members. That will be real charity, and we can worthily maintain the great motto of our State "Charity is our household divinity".

Sir, finally the Budget for the next year provides suitable solution for many a problem brought to the attention of Government from time to time and I am free to own that there is in it a clear realisation of the dictum that a Government exists for the good of the people.

Adjournment motion re floods.

PRESIDENT : It is 3-30 now and the House will proceed to the discussion of the adjournment motion of Mr. Pachu Pillai.

MR. MURUVELIL PACHU PILLAI (*Shertallai*) : സർ, ഈയിടെ ഉണ്ടായ അതിവൃഷ്ടിയും വെള്ളപ്പൊക്കവും നിമിത്തം ഈ രാജ്യത്തെ പല താലൂക്കുകളിലും ഉണ്ടായിട്ടുള്ള ഗൌരവതരവും ഉൽക്കണ്ഠാജനകവുമായ സംഭവത്തെപ്പറ്റി വിവരിക്കുന്നതിന് ഈ കൌൺസിലിന്റെ നടപടികളെ നിർത്തിവയ്ക്കണമെന്നാണ് എന്റെ പ്രമേയം. ഈ പ്രമേയത്തിനു ഉദ്യോഗസ്ഥ പക്ഷത്തു നിന്നോ അനുദ്യോഗസ്ഥപക്ഷത്തുനിന്നോ യാതൊരു എതിരഭിപ്രായവും പുറപ്പെടുവിക്കാതെ അനുകൂലിച്ചു ഇതിനെപ്പറ്റി വാദപ്രതിവാദം ചെയ്യാൻ സമയം അനുവദിച്ചു തന്നതുകൊണ്ടു തന്നെ ഈ സംഭവത്തിന്റെ ഗൌരവം ഏറെക്കുറെ ഈ സഭയ്ക്കു ബോധ്യമായിട്ടുണ്ടു എന്നു വിശ്വസിക്കാവുന്നതാണ്.

സർ, ഇപ്പോൾ ഉണ്ടായ അതിവൃഷ്ടി നിമിത്തം സംഭവിച്ചുവെള്ളപ്പൊക്കത്താൽ അധികമായി നഷ്ടം അനുഭവിച്ചതും വെള്ളപ്പൊക്കം താര

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Pachu Pillai.]

തമ്മിലുള്ള കൂടുതൽബാധിച്ചതും കൊല്ലം കോട്ടയം എന്നീ ഡിവിഷനുകളിൽ ഉൾപ്പെട്ട താലൂക്കുകളിലാണ്. ഇതു നിമിത്തം ഉണ്ടായിട്ടുള്ള അനിഷ്ട സംഭവങ്ങളും സാധുക്കൾ അനുഭവിച്ചിട്ടുള്ള സങ്കടങ്ങളും ആയിടക്കു പ്രസിദ്ധം ചെയ്തിട്ടുള്ള വർത്തമാനപത്രങ്ങളിൽ നിന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഓരോസ്ഥലങ്ങളിൽ ഉണ്ടാകുന്ന വിശേഷസംഭവങ്ങളും അവിടെ നേരിട്ടുകൊണ്ടിരിക്കുന്ന പൊതു ജനങ്ങളുടെ സങ്കടങ്ങളും അപ്പോഴപ്പോൾ അതിലേക്കു ചുമതലപ്പെടുത്തീട്ടുള്ള ലേഖകന്മാർ വിശദമായി എഴുതി അയച്ചിട്ടുള്ളതിനെ ആസ്പദമാക്കി മേൽപ്രകാരം പത്രങ്ങളിൽ പ്രസ്താവിക്കുന്നതിനെ അവിശ്വസിക്കുന്നതിന് യാതൊരു ന്യായവുമില്ല. ആ റിപ്പോർട്ടിനെ വച്ചുകൊണ്ടു ഈ രാജ്യത്തു വെള്ളപ്പൊക്കം സംബന്ധിച്ചുണ്ടായ നാശത്തെ നോക്കുന്നതായാൽ വാസ്തവത്തിൽ എല്ലാസ്ഥലത്തും വെള്ളപ്പൊക്കം വ്യാപിച്ചിട്ടുണ്ടു എന്നും, റോഡുകൾക്കും കലുങ്കുകൾക്കും സാരമായ പലനാശവും ഉണ്ടായിട്ടുണ്ടെന്നും കാണാം. അതു നിമിത്തം ജനങ്ങളുടെ ഗതാഗതവും കുറെ ദിവസത്തേക്കു നിന്നുപോയിട്ടുണ്ട്. അതുപോലെ അഞ്ചൽ സർവ്വീസ് വഴിയായി അന്യസ്ഥലത്തേക്കയച്ചുകൊണ്ടിരുന്ന അഞ്ചൽ ഉരുപ്പടികൾ ഏതാനും ദിവസത്തേക്കു നിന്നുപോയി. ഗതാഗതത്തിനു തടസ്സം വന്നതിനാൽ വിദേശത്തു നിന്നുമുള്ള തപാൽ ഉരുപ്പടിയും കിട്ടാതെ ജനങ്ങൾ വിഷമിച്ചു. ഇപ്രകാരം പലവിധനഷ്ടവും പലവിധക്ലേശങ്ങളും ഉണ്ടായിട്ടുണ്ട്. മിഥുനം ൨൫-൦൰- ആയിരുന്ന പരീക്ഷക്കു ഫീസ് അടക്കേണ്ട ഒടുവിലത്തെ ദിവസം. ഈ അവസരത്തിൽ എഴുത്തുകൾ കിട്ടുന്നതിനും മണിഓർഡർ കിട്ടുന്നതിനും താമസം വന്നതുനിമിത്തം വിദ്യാർത്ഥികളിൽ പലരും വളരെ ബുദ്ധിമുട്ടിയിട്ടുണ്ട്. അതുപോലെ ഏതാനും ദിവസത്തേക്കു ഗതാഗതത്തിനു തടസ്സം വന്നതുകൊണ്ടു ഓരോ സ്ഥലത്തും എന്തെല്ലാം സംഭവിച്ചു എന്നു അറിയുന്നതിനു പത്രങ്ങൾ വഴിയായും മാർഗ്ഗമില്ലാതെ ജനങ്ങൾ അന്ധരായിപ്പോയി. പത്രങ്ങൾ അയച്ചുകൊടുക്കാൻ നിവൃത്തിയില്ലാതെവന്നതുകൊണ്ടു അവയുടെ പ്രസിദ്ധീകരണം തന്നെ കുറച്ചു ദിവസത്തേക്കു നിർത്തിവയ്ക്കേണ്ടിവന്നു. ഗതാഗതത്തിനു തടസ്സം നേരിട്ടാൽ വളരെ ബുദ്ധിമുട്ടാണ്. ചേർത്തല താലൂക്കിന്റെ കിഴക്കു വേമ്പനാട്ടുകായലിൽ കാറും കോളും നിമിത്തം പലവള്ളങ്ങളും മുങ്ങിച്ചരക്കു മുഴുവനും നഷ്ടപ്പെട്ടു. മോട്ടാർ ബോട്ടുകളും മുങ്ങിയിട്ടുണ്ട്. ഈ സംഭവം കഴിഞ്ഞതിൽ പിന്നെ കൊച്ചി അഴിമുഖത്തു ചില പ്രേത

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും കാണപ്പെട്ടു: അപ്രകാരം ജീവഹാനിയും വന്നിട്ടുണ്ട്. അതു എ ങ്ങിനെ സംഭവിച്ചു എന്നു നിശ്ചയമില്ല. ബോട്ടുജീവനക്കാരോടു ഇതി നെപ്പററി അന്വേഷിക്കുകയാണെങ്കിൽ നിവർത്തിയുള്ളിടത്തോളം വി ഷമങ്ങളെ ഒഴിക്കാൻ വേണ്ടി ബോട്ടിൽ വേറെ ആളുകൾ ഇല്ലായിരുന്നു വേലക്കാർ മാത്രമെയുണ്ടായിരുന്നൊള്ളു എന്നെല്ലാം പറയുന്നതു സ്വാഭാ വികമാണു. ഇതു നിമിത്തം ആക്കെക്കിലും ജീവനാശം ഉണ്ടായിട്ടു ണ്ടൊ എന്നുള്ളതിനെ സംബന്ധിച്ചു സൂക്ഷ്മമായ വിവരങ്ങൾ വേണ്ടു വോളം ജാഗ്രതയായി അന്വേഷിക്കണമെന്നു ഈ സമയത്തും ഞാൻ അപേക്ഷിക്കുന്നു. ചേർത്തല താലൂക്കു് ഒരു താഴ്ന്നപ്രദേശമാണു്. കരു നാഗപ്പള്ളി കാർത്തികപ്പള്ളി അമ്പലപ്പുഴ കുട്ടനാടു ഇവയും താഴ്ന്ന സ്ഥലങ്ങളാണു്. ഈ സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകളെല്ലാം ഈ വെള്ളപൊക്കത്തിൽ കുറച്ചു ദിവസം അവരുടെ താമസസ്ഥലങ്ങളെ വിട്ടു വേറെ ഉയന്ന സ്ഥലങ്ങളിൽ പോയി താമസിച്ചു. സാധാരണയായി താമസിക്കുന്ന വീട്ടിൽ നിന്നും വേറൊരു സ്ഥലത്തു പോകുകഎന്നുള്ളതു തന്നെവളരെ സങ്കടകരമായ ഒന്നാണു്. ഈ സാധുക്കളായ ആളുകൾ കൂലിവേലചെയ്തു് അതിന്റെആദായം കൊണ്ടുമാത്രം ഉപജീവനം കഴി ക്കുന്നവരാണു്. അവരിൽപലക്കും താമസിക്കാൻ കൂടിൽഇല്ലാത്തതു നിമിത്തം വളരെകഷ്ടപ്പെടുന്നു. പ്രത്യേകമായതൊഴിലില്ലാത്തതു നിമി ത്തം പട്ടിണികിടന്നുകഴിച്ചുകൂട്ടുന്നു. ഇങ്ങനെ വെള്ളപ്പൊക്കം നിമിത്തം താഴ്ന്നപ്രദേശത്തുള്ള ആളുകൾക്കു താമസിക്കുന്നതിനു നിവർത്തിയില്ലാ തെ ആ സ്ഥലം വിട്ടുപോകുകയും പട്ടിണികിടക്കുകയും ചെയ്യുന്നു. ഇതു കൂടാതെ ധാരാളമാളുകൾക്കു കൃഷിനഷ്ടം ഉണ്ടായിട്ടുണ്ടു്. ഈ ആണ്ടിലു ള്ള അകാലവർഷംനിമിത്തം മാവേലിക്കര വെള്ളപ്പൊക്കമുണ്ടായി കൃ ഷിമുഴവനും നശിച്ചു. അതിനു ശേഷമാണു് ഈ അതിവർഷം. ഈ വെള്ളപൊക്കം നിമിത്തം പ്രത്യേകം ഒരു ഡിവിഷനൊ ഒരു സ്ഥലത്തെ കൃഷിക്കൊ അല്പനഷ്ടം. പൊതുവെ നഷ്ടമുണ്ടായിട്ടുണ്ടു്. ചേർത്തലതാ ലൂക്കിൽ തുറവൂർ എന്ന സ്ഥലത്തെ കരിനിലങ്ങളിൽ ഈ തവണ വളരെ നല്ല കൃഷിയായിരുന്നു. ഈ വെള്ളപൊക്കം നിമിത്തം ഏകദേശം അ ൻപതിനായിരപ്പറ നിലത്തിലെ കൃഷി നഷ്ടപ്പെട്ടുപോയിട്ടുണ്ടു്. കരം കൊടുക്കുന്നതിനുപോലും സാധിക്കാത്ത നിലയിൽആയിപ്പോയിരിക്കുന്നു. ചേർത്തലതാലൂക്കിലെ സാധുക്കളായ ആളുകളുടെ പ്രധാന ഉപജീവനമാ ർഗ്ഗം തൊണ്ടുചകരി പിരിച്ചു അതിൽനിന്നും കിട്ടുന്ന ആദായമാണു്. അവർ താമസിക്കുന്ന സ്ഥലത്തിനടുത്തുള്ള കായലോരത്തും കളങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Pachu Pillai.]

തൊണ്ടുകഠം അഴുക്കുന്നതിന് ഇട്ടുവരുന്നു. അവ എല്ലാം ഈ വെള്ള പ്പൊക്കത്താൽ ഒഴുകിപോയിരിക്കുന്നു. സാധുജനങ്ങളായ ഇവരുടെ കാലക്ഷേപമാർഗ്ഗവും തൊഴിലും ഇതുനിമിത്തം മുടങ്ങിപ്പോയിരിക്കുന്നു. ഇതു പോലെ താമസിക്കാൻ നിവൃത്തി ഇല്ലാതെയും തൊഴിലി ല്ലാതേയും ഉഠംനാട്ടുകളിൽ അനേകം പേർ കഷ്ടപ്പെടുന്നു. കയറുവ്യാ പാരം കൊപ്രാവ്യാപാരം ഇവയെല്ലാം കുറെദിവസത്തേക്കു മുടങ്ങിപ്പോ യതുകൊണ്ടു കയറുശാലയും കൊപ്രാശാലയും ഉപജീവനമാർഗ്ഗമായി രുന്നവർക്കു അതും നഷ്ടപ്പെട്ടു. ഈ തൊഴിൽ സ്ഥലങ്ങളിൽ വെള്ളം ഉ ണ്ടായതുകൊണ്ടു കൊപ്രായും നശിച്ചുപോയി. ചേർത്തലതാലൂക്കി ലെ മറൊരു പ്രധാന കൃഷി തെങ്ങാണു. അവിടെ ചൊരിമണലാണു. കൽപ്രദേശമല്ല. ചൊരിമണലിൽ വെള്ളം കെട്ടിയാൽ അതിലുള്ള വ ളമെല്ലാം ചൊന്നുപോകുന്നതു സ്വാഭാവികമാണു. ഈ വെള്ളം നിമി ത്തം തെങ്ങിന്റെ വളമെല്ലാം ചോന്നുപോയിരിക്കുന്നു. ഇനി രണ്ടുമൂന്നു കൊല്ലത്തേക്കു ശരിയായ ആദായം കിട്ടുകയില്ല. മണ്ണു എല്ലാം ഒലിച്ചു പോയതുകൊണ്ടു അനേകം തെങ്ങുകഠം വീണുപോയിട്ടുമുണ്ടു. ഈ മാ തിരി അനവധി നഷ്ടം ചേർത്തലതാലൂക്കിനു ഉണ്ടായിട്ടുണ്ടു. ഇപ്പോഠം അലപ്പുഴമുതൽ അരൂർവരെ പുതുതായി വെട്ടിയിട്ടുള്ള റോഡു് ഉറച്ചുവ രുന്നതേയുള്ളൂ. വെള്ളപ്പൊക്കത്താൽ ഈ റോഡിലെ കലുങ്കുകഠം ചില തെല്ലാം നശിച്ചുപോയിട്ടുണ്ടു. അതിനാൽ ഗതാഗതം അതായതു് മോ ട്ടാർ മുതലായവാഹനങ്ങഠം നിത്തിവയ്ക്കേണ്ടിവന്നു. ഇങ്ങനെ ഉണ്ടായ അവിചാരിതമായ ഈ സംഭവം നിമിത്തം ജനങ്ങഠംക്കു വന്നിട്ടുള്ള സ ങ്കടത്തിൽ ഗവണ്മെൻറു് എന്തു് പ്രവർത്തിച്ചു, എവിടെയെല്ലാം അന്വേ ഷിച്ചു, എന്തു് സഹായം ചെയ്തു എന്നു് നോക്കുന്നതായാൽ ഇങ്ങനെയു ള്ള സന്ദർഭത്തിൽ ചെയ്യേണ്ടതായ യാതൊരു സഹായവും ഗവണ്മെൻറി ൽ നിന്നു ജനങ്ങഠംക്കു് ചെയ്തു കൊടുത്തില്ല എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. എന്നു മാത്രമല്ല വാസ്തവത്തിൽ നടന്നിട്ടുള്ള സംഭവങ്ങ ളുടെ നിജസ്ഥിതികളെ മറയ്ക്കാൻകൂടി ഗവണ്മെൻറു ശ്രമിക്കുന്നുണ്ടോ എ ന്നുകൂടി സംശയം തോന്നിപ്പോകുന്നു. ആ നിലയിലാണു് ഗവണ്മെൻറിൽ നിന്നും ഈ വെള്ളപ്പൊക്കം സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വി ജ്ഞാപനം. ചേർത്തല താലൂക്കിനെ സംബന്ധിച്ചു ഇതിൽ വിവരിക്കു ന്ന സംഗതികഠം എനിക്കു ഉത്തമവിശ്വാസമുള്ള അറിവിനു് പ്രത്യക്ഷ ത്തിൽ വിരുദ്ധമായിരിക്കുന്നു. ചേർത്തലതാലൂക്കിൽ സാരമായ നഷ്ടങ്ങഠം ഒന്നുമില്ല. അതിനാൽ നിവാരണ ജോലികഠം അവിടെ ആവശ്യമില്ല എ

LIBRARY ARCHIVES Kerala Legislative Assembly

ന്നായിരുന്ന രണ്ടാമത്തെ ഗവണ്മെന്റിന്റെ വിജ്ഞാപനം. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഇതിനെപ്പറ്റി അന്വേഷിക്കേണ്ട പ്രധാന ചുമതല ഓരോ താലൂക്കിലുള്ള തഹശീൽദാരന്മാക്കാണ്. വെള്ളപ്പൊക്കകാലത്തു വാസ്തവത്തിൽ തഹശീൽദാർ തന്നെയും സ്ഥലത്തുണ്ടായിരുന്നില്ല. ഇതെല്ലാം കാണിച്ച് ഗവണ്മെന്റിലേക്കു ഞാൻ കമ്പി അടിക്കുകയും ഉടനെ ഒരു തഹശീൽദാരെ നിയമിച്ചയക്കുകയും ചെയ്തു. ഇതു കൂടാതെ നിജസ്ഥിതികൾ വിവരമായി അറിയിക്കണമെന്നു ഗവണ്മെന്റിൽനിന്നു കമ്പിമൂലം എന്നോടു് ആവശ്യപ്പെടുകയുണ്ടായി. ഇതിലേക്കു ഉത്തരവാദിത്വമില്ലാതെഎന്തെങ്കിലും കേവിയെ ആസ്പദമാക്കിമറുപടി കൊടുക്കുന്നതു വാഞ്ഛനീയമല്ലെന്നു കരുതി ഞാൻ ചേർത്തല താലൂക്കു മുഴുവൻ സഞ്ചരിച്ചു ഓരോസ്ഥലത്തും നടന്നിട്ടുള്ള സംഗതികളുടെ സൂക്ഷ്മസ്ഥിതി മനസ്സിലാക്കുകയും അതിനുശേഷം ന-ന- ഗവണ്മെന്റിലേക്കു കമ്പി അടിക്കുകയും ചെയ്തു. അതിൽ പിന്നെയാണ് കക്കടകം ന-ന- പുറപ്പെട്ടുവിച്ചുവിജ്ഞാപനം. അവിടെ എന്തു നടന്നിരിക്കുന്നു എന്നു എന്നെപോലെ ദൂരെ ഇരിക്കുന്ന അങ്ങുകൾക്കു അറിയാൻ സാധിക്കുകയില്ല. ഗവണ്മെന്റിലേക്കു എന്തെങ്കിലും വിവരം അറിയണമെങ്കിൽ അതറിയിക്കുന്നതിനും സാധാരണയായി ആ സ്ഥലത്തെ പേഷ്കാരോടു ആവശ്യപ്പെടുന്നു. പേഷ്കാർ തഹശീൽദാരോടു ആവശ്യപ്പെടുന്നു. തഹശീൽദാർ പാവ്വത്യകാരോടു ആവശ്യപ്പെടുന്നു. പാവ്വത്യകാർ പകുതിയിൽ നടക്കുന്ന സംഗതികളും എല്ലാം ശരിയായി അറിയണമെന്നുള്ള താല്പര്യമില്ലാതെയും അതിലേക്കു വേണ്ട ശ്രദ്ധ എടുക്കാതെയും തങ്ങളുടെ കീഴിൽജോലി ചെയ്യുന്ന പൂണിനോടു് ചോദിച്ചു അറിവു കിട്ടുന്ന വിവരങ്ങൾ എഴുതി അയക്കുന്നു. ഈ മാതിരി അറിവുകളെ ആസ്പദമാക്കിയാണ് പല പ്പോഴും ഇത്തരം വിജ്ഞാപനങ്ങളും പുറപ്പെടുവിക്കുന്നതു്. വെള്ളപ്പൊക്കം നിമിത്തം എന്തെല്ലാം സംഭവിച്ചു എന്നു ജനങ്ങളെ മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തുന്ന ഒരു പ്രമാണമാണിതു്. ഈ പ്രമാണത്തിന്റെ മേൽ വിവരിച്ച അടിസ്ഥാനം നോക്കുമ്പോൾ ഇതു പകുതി പൂണിൽനിന്നും കിട്ടിയ അറിവുകളെ ആസ്പദമാക്കി പ്രസിദ്ധപ്പെടുത്തീട്ടുള്ളതാണെന്നു ശങ്കിക്കുന്നതിൽ വലിയതെറ്റുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. വാസ്തവത്തിൽ സംഭവിച്ചിട്ടുള്ള സംഗതികളും വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും തമ്മിൽഅത്രമാത്രം വ്യത്യാസം കാണുന്നുണ്ടു്.

ഇങ്ങിനെയുള്ള സംഭവങ്ങൾ സാധാരണമായി ജനങ്ങളുടെ വീഴ്ചകൊണ്ടോ കരുതൽ ഇല്ലായ്മകൊണ്ടോ ഉണ്ടാകുന്നതല്ല. ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Pachu Pillai.]

അവിചാരിതമായി നേരിട്ടന്ന ആപത്തുകളാണ്. ഈ ആപത്തു കാലത്തു ജനങ്ങൾക്കു കഴിയുന്ന സഹായം ചെയ്യേണ്ടതു് ഗവണ്മെൻറിന്റെ ധർമ്മമാണ്. വിശേഷിച്ചും സാധുക്കളായ ആളുകൾ ഉപജീവനത്തിനു് മാർഗ്ഗമില്ലാതെ ബുദ്ധിമുട്ടുമ്പോൾ അവരെ രക്ഷിക്കുന്നതിനുവേണ്ടി ഗവണ്മെൻറുപണംഉപയോഗിക്കുന്നില്ലെങ്കിൽ അങ്ങിനെയുള്ള ഒരു ഗവർമ്മെൻറുകൊണ്ടും ആ ഗവർമ്മെൻറിന്റെ പ്രജകളായിരിക്കുന്നതുകൊണ്ടുംഎന്താണു പ്രയോജനമുള്ളതു് എന്നു ഞാൻ ഗവണ്മെൻറിനോടു ചോദിച്ചുകൊള്ളുന്നു. ഈ വെള്ളപ്പൊക്കത്തെ ഇതിനുമുമ്പുണ്ടായ ഫാമിൻ-ലെ വെള്ളപ്പൊക്കത്തോടു ഏകദേശം സാമ്യപ്പെടുത്താവുന്നതാണു്. ഇങ്ങിനെയുള്ള സന്ദർഭത്തിൽ ഗവർമ്മെൻറു എന്തെല്ലാം പ്രവർത്തിച്ചു? സാരമായ നഷ്ടങ്ങൾ എന്തെല്ലാം സംഭവിച്ചു? സാധുക്കളും പട്ടിണി കിടക്കുന്നവരും തൊഴിലില്ലാതിരിക്കുന്നവരുമായി എത്രത്തോളം ആളുകൾ ബുദ്ധിമുട്ടുന്നു? എത്ര കുടികൾ നശിച്ചു? ഗതാഗതസൌകര്യം എത്രമാത്രം ഇല്ലാതായി? ഇതിന്റെ എല്ലാം സൂക്ഷ്മസ്ഥിതി അറിഞ്ഞു അതിലേക്കു വേണ്ട നിവാരണമാർഗ്ഗം ഉണ്ടാക്കേണ്ടതു ഗവർമ്മെൻറിന്റെ മുമതലയാണു്. ഇതാണു ധർമ്മം. കഴിഞ്ഞകൊല്ലത്തിൽ തെക്കൻതിരുവിതാംകൂറിൽ കാളറാ പിടിപെട്ടപ്പോൾ, സർവ്വശക്തികളും ഉപയോഗിച്ചു സഹായിച്ചു. ഫാമിൻ-ലെവെള്ളപ്പൊക്കത്തിൽ രണ്ടുലക്ഷം രൂപാ കുടികൾക്കു വേണ്ടി ചിലവിട്ടു. അതിലേക്കു ഒരു Flood Relief കമ്മറി ഏർപ്പെടുത്തി. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ക്രടിച്ചേർന്നു സർവ്വശക്തികളും ഉപയോഗിച്ചു സങ്കടനിവാരണത്തിനായി പരിശ്രമിച്ചു. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഗവണ്മെൻറു സഹായം ആവശ്യമില്ല എന്നു പറയുന്നതു വളരെ പരിതാപകരമായിട്ടുള്ളതാണു്. ഈ വെള്ളപ്പൊക്കത്താൽ സംഭവിച്ച കഷ്ടനഷ്ടങ്ങൾക്കു് ഗവണ്മെൻറു ചെയ്തിട്ടുള്ള സഹായം ആകപ്പാടെ നോക്കിയാൽ രണ്ടായിരം രൂപാ ഇതിലേക്കനുവദിച്ചു എന്നുള്ളതു മാത്രമാണു്. ഇതിൽ കൂടുതലായ യാതൊരു സഹായവും ചെയ്തിട്ടുള്ളതായി അറിയുന്നില്ല. കുട്ടനാട്ടിൽ ഉണ്ടായിട്ടുള്ള സങ്കടങ്ങളെപ്പറ്റി ആ താലൂക്കിനെ പ്രതിനിധീകരിക്കുന്ന എന്റെ സ്നേഹിതൻ വിശദീകരിക്കുമെന്നു വിചാരിക്കുന്നു. ഈ സ്ഥലങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്ന കാലത്തു അവർക്കു ദൂരദിക്കുകളിലേക്കു പോകാനിടവരാതിരിക്കത്തക്കവണ്ണവും അവർക്കു താമസിക്കത്തക്ക സ്ഥിതിയിലും ഓരോ പകുതിയിലും എട്ടോ പത്തോ ഏക്കർ സ്ഥലം വെള്ളത്തിന്റെ ലെവലിൽ നിന്നും ഉയർത്തി ഇട്ടുന്നതായാൽ അവർക്കുഈ മാതിരി വെള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്പൊക്കത്തിൽ നിന്നും രക്ഷപ്പെടാവുന്നതാണ്. വാസ്തവത്തിൽ ചേർത്തല താലൂക്കിൽ വളരെ സാധുക്കൾ വിഷമിക്കുകയും ക്രൂലിവേല കിട്ടാതെ കഷ്ടപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ആളുകൾക്കു ക്ഷാമനിവാരണത്തിനുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതാണ്. ഈ താലൂക്കിനെ വളരെക്കാലമായിട്ടു ഉപേക്ഷിച്ചു് ഇട്ടിരിക്കുകയായിരുന്നു. ഈ സമീപകാലത്താണു ഗവൺമെൻറിന്റെ ദയാദൃഷ്ടി ഈ താലൂക്കിൽ പതിഞ്ഞു തുടങ്ങിയതു്. എന്നാൽ അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ ഈ താലൂക്കിലെ പൊതുമരാമത്തുവേലകൾക്കു വേണ്ടിടത്തോളം പണം അനുവദിച്ചു കാണുന്നില്ല.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): Does he refer to the Shertallai taluk alone or to other taluks also.

MR. MURUVELIL PACHU PILLAI (*Shertallai*): പ്രത്യേകിച്ചു ചേർത്തലതാലൂക്കിനെ സംബന്ധിച്ചു പറയുകയാണു്. ഈ അവസരത്തിൽ ക്ഷാമനിവാരണ വേലകൾക്കു ഒരു ഫണ്ടു് അനുവദിച്ചു ഉടനെ വേല ആരംഭിക്കണം. അതു നിമിത്തം ക്രൂലി വേലയും മറ്റു ജോലിയും ഇല്ലാത്തവർക്കു നിത്യതയ്ക്കുള്ള ജോലികിട്ടുന്നതിനും ഇടയാകും. ഈ വെള്ളപ്പൊക്കം സംബന്ധിച്ചു ഓരോ താലൂക്കിലുള്ള തഹശീൽദാരന്മാരും അതാതു താലൂക്കിലുള്ള പ്രജാസഭാമെമ്പന്മാരുമായി യോജിച്ചു സാധുക്കൾക്കുണ്ടായിട്ടുള്ള കഷ്ടനഷ്ടങ്ങൾ എന്തെല്ലാമാണെന്നു് ശരിയായി അന്വേഷിക്കേണ്ടതും ആവശ്യമാണു്. ഈ അന്വേഷണത്തിൽ ജനങ്ങൾക്കു എന്തെല്ലാം നഷ്ടങ്ങൾ സംഭവിച്ചു എന്നും എത്രമാത്രം ആളുകൾ ക്രൂലിവേലകിട്ടാതെ കഷ്ടപ്പെടുന്നു എന്നും കൃഷിനഷ്ടം എത്രമാത്രം ഉണ്ടായിട്ടുണ്ടെന്നും ഏതെല്ലാം സ്ഥലങ്ങളിൽ കരംകൊടുക്കാൻ നിവൃത്തിയില്ലാതെ പോയിട്ടുണ്ടു എന്നും അന്വേഷിക്കേണ്ടതാണു്. നാലയ്യായിരം രൂപാ കരംകൊടുക്കുന്ന മിസ്റ്റർ പാറായിതരകൻ മുതൽപേർ ഈ കൃഷി നാശത്തെപ്പറ്റി എനിക്കെഴുതിയിട്ടുണ്ടു്. ഇവയെ എല്ലാം അന്വേഷിക്കുന്നതിനു തഹശീൽദാരോ പേഷ്കാരോ റവന്യൂകമ്മീഷണരോ അതുതന്നെ സ്ഥലത്തുവന്നു നോക്കിയാലും ഈ കൃഷിനഷ്ടങ്ങൾ ബോദ്ധ്യപ്പെടുന്നതാണു്. അതിനാൽ കൊടുക്കാൻസാധിക്കാത്ത വിധം നഷ്ടപ്പെട്ടിട്ടുള്ള കൃഷിനിലങ്ങളുടെ കരം മുഴുവനും ഇളവുചെയ്തു കൊടുക്കേണ്ടതും അത്യാവശ്യമാണു്.

PRESIDENT: Mr. Pachu Pillai, I have allowed you five minutes more than the usual time. Please don't continue.

MR. MURUVELIL PACHU PILLAI (*Shertallai*): സർ, സംഗതികളുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കി ഇതുനിമിത്തമുണ്ടായിട്ടുള്ള സങ്കടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvolil Pachu Pillai.]

കെല്ലാം ശരിയായ സമാധാനമുണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ പാച്ചുപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു എനിക്കും അല്പം പറയുവാനുണ്ട്. നമ്മുടെ രാജ്യത്തു് അവിചാരിതമായുണ്ടായ വെള്ളപ്പൊക്കം നിമിത്തം രാജ്യത്തിൽ പല ഭാഗങ്ങളിലുംവളരെ നഷ്ടം സംഭവിച്ചിരിക്കുന്നതായി അറിവായിരിക്കുന്നു എങ്കിലും ഉത്തരതിരുവിതാംകൂറിലാണു ഈ ആണ്ടിൽ വെള്ളപ്പൊക്കംനിമിത്തം അധികനഷ്ടം സംഭവിച്ചിരിക്കുന്നതു് എന്നു നിർവിവാദമാണു. മദ്ധ്യോത്തരതിരുവിതാംകൂറിലെ നഷ്ടങ്ങളെപരാമർശിച്ച മിസ്റ്റർ പാച്ചുപിള്ള തന്നെ സാമാന്യം വിശദമായിപ്പറകയുണ്ടായി. ഈ വിവരണത്തിൽ നിന്നും ഗവണ്മെൻറു പ്രസിദ്ധീകരണങ്ങളുടെ സഹായത്തിൽനിന്നും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള ഉപദ്രവങ്ങളേപ്പറ്റി സാമാന്യം വിശദമായി ഗ്രഹിക്കാൻ കഴിയും. എന്നാൽ എന്റെ അനുഭവത്തിലും അറിവിലും പെട്ടിടത്തോളം ഈ വെള്ളപ്പൊക്കംകൊണ്ടു മീനച്ചൽ താലൂക്കിലാണു അധികം നഷ്ടമുണ്ടായിട്ടുള്ളതെന്നു എനിക്കു ധൈര്യമായിപ്പറയാൻ സാധിക്കുന്നതാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): മറ്റു താലൂക്കുകളിൽ ഉള്ളിടത്തോളം ഉണ്ടെന്നു പറയാമോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): എന്റെ അനുഭവത്തേയും അറിവിനേയും ആസ്പദമാക്കിയാണു കൂടുതൽ ഉപദ്രവം മീനച്ചൽ താലൂക്കിലായിരുന്നു ഉണ്ടായിട്ടുള്ളതു എന്നുപറയുന്നതു്. ഈ താലൂക്കിനേ സംബന്ധിച്ചു എനിക്കു കൂടുതൽ ശ്രദ്ധയെടുക്കുവാൻ സാധിച്ചിട്ടുണ്ടു്. എന്റെ ചുമതലയിൽ പെട്ടകൃത്യനിർവഹണത്തിൽ എന്റെ അനുഭവങ്ങളെ ആസ്പദമാക്കിപ്പറയുന്നു എന്നെ വിചാരിക്കുവാനുള്ളു.

MR. REVATI NAL RAMA VARMA RAJA (*Edavagai*): മാവേലിക്കരെ ഉണ്ടോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): എനിക്കു നിശ്ചയമില്ല.

MR. V. S. KRISHNA PILLAI (*Tiruvalla*): തിരുവല്ലായിൽ ഉണ്ടോ?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): നിശ്ചയമില്ല.

MR. V. S. KRISHNA PILLAI (*Tiruvalla*): മെംബർ തിരുവല്ലായിൽ വന്നിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. C. KURIAKOSE (*Minachil cum Devicolam*) : തിരുവല്ലായിൽ വന്നിട്ടുണ്ട്.

MR. V. S. KRISHNA PILLAI (*Tiruvalla*): അവിടത്തെസ്ഥിതി അന്വേഷിച്ചുവോ ?

MR. A. C. KURIAKOSE (*Minachil cum Devicolam*) : തിരുവല്ലായിൽ മെംബർ ഈ കാര്യം അന്വേഷിക്കുവാൻഉള്ളതുകൊണ്ടു എന്റെ അന്വേഷണത്തിനു ആവശ്യമുണ്ടെന്നു ഞാൻ തീരെ കരുതിയിരുന്നില്ല.

MR. MURUVELIL PACHU PILLAI (*Shertallai*) : ഓരോതാലൂക്കിലും ഉണ്ടായിട്ടുള്ളതു് അത്രമാത്രം ഗൌരവം ആയിരുന്നിട്ടില്ലാ എന്നു പറകയാണോ ?

MR. A. C. KURIAKOSE (*Minachil cum Devicolam*) : അത്രമാത്രം ഗൌരവമായിരുന്നിട്ടില്ലാ എന്നു ഞാൻപറഞ്ഞതിൽനിന്നു അർത്ഥമാകുന്നില്ല. ഗവണ്മെൻറു പ്രസിദ്ധീകരണം കൊണ്ടും മററു പ്രസിദ്ധീകരണങ്ങാംകൊണ്ടും എന്റെ താലൂക്കിനെ സംബന്ധിച്ചിടത്തോളം എനിക്കു നേരിട്ടു ലഭിക്കാൻ ഇടയായഅറിവിനെ അസ്പഷ്ടമാക്കിയുമാണു എന്റെ താലൂക്കിൽ കൂടുതൽ സങ്കടത്തിനിടയായിട്ടുണ്ടു എന്നു ഞാൻ പറയുന്നതു് തൽസംബന്ധമായി കൂടുതൽ വിവരങ്ങാം എന്റെ തുടന്നുള്ളവിവരണങ്ങളിൽ നിന്നുഗ്രഹിക്കാൻ കഴിയുന്നതാണു്.

എന്റെ താലൂക്കിൽ ഈ ആണ്ടിൽ ഉണ്ടായ വെള്ളപ്പൊക്കം ഫ്രാൻസിൽ-ൽ ഉണ്ടായ വെള്ളപ്പൊക്കത്തേക്കാാം വലുതായിരുന്നു. ഫ്രാൻസിൽ-ലെ വെള്ളപ്പൊക്കത്തിൽ ഗവണ്മെൻറിന്റെ കണക്കു കൊണ്ടു കാണുന്നതു ദീർഘദിവസത്തേയ്ക്കു് വെള്ളം കെട്ടിക്കിടന്നിരുന്നുഎന്നും, തന്നിമിത്തം വലിയ ഉപദ്രവമുണ്ടായി എന്നും ആണു്.

എന്നാൽ ഫ്രാൻസിൽ-ലെ വെള്ളപ്പൊക്കംകൊണ്ടു മീനച്ചിൽ താലൂക്കിൽ ഉണ്ടായ നഷ്ടം താരതമ്യേന കുറവായിരുന്നു. എങ്കിലും അസാമാന്യനഷ്ടം ഉണ്ടായി എന്നും, ഗവണ്മെൻറിൽനിന്നുവേണ്ടവിധം അന്വേഷിച്ചു എന്നും, പരിഹാരാർത്ഥം പലസഹായങ്ങളും അർഹിക്കുന്നവക്കു ഗവണ്മെൻറിൽ നിന്നു ലഭിച്ചു എന്നും ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ൻസിൽ-ലെ വെള്ളപ്പൊക്കം മീനച്ചിൽതാലൂക്കിൽ ൻർ-ലെ വെള്ളപ്പൊക്കത്തേക്കാാം കുറവായിരുന്നു. ൻർ-ൽ വീടുകാം നശിച്ചും, മററും കഷ്ടത അനുഭവിച്ചവക്കു ഗവണ്മെൻറു കുറഞ്ഞതരത്തിലെങ്കിലും ദ്രവ്യസഹായം ചെയ്കയും അവരുടെ സങ്കടത്തിൽ അനുഭാവം കാണിക്കയും ഉണ്ടായി. ഇന്നത്തെ ഭരണാധികാരികാം ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

പ്രദർശിപ്പിച്ച നയം പ്രത്യേകതരമായിരുന്നു. മിഥുനം ൨൫-ന-യാണു വെള്ളപ്പൊക്കത്തിന്റെ പ്രാരംഭം. മഴ പെയ്തുകൊണ്ടിരുന്നു. ൨൬-ന- ശക്തിയായ മഴ തുടർന്നു. അന്നു സായാഹ്നമായപ്പോഴേക്കു വെള്ളപ്പൊക്കം ഉണ്ടാകുന്നതിന്റെ സകല ലക്ഷണവും തികഞ്ഞിരുന്നു. രാത്രിയാണു വെള്ളപ്പൊക്കമുണ്ടായതു്. ശക്തിയായ പ്രവാഹവും കരകവിഞ്ഞു നാനാഭാഗങ്ങളിലേക്കും ജലത്തിന്റെ വ്യാപനവും ഉണ്ടായി. ഈ ജലപ്പെരുക്കവും പ്രവാഹവും ജനങ്ങളെ പരിഭ്രമിപ്പിച്ചു. രാത്രി ജനങ്ങൾ പേടിച്ചു നിലവിളിച്ചിരുന്നു. ധീരന്മാരും അനുകമ്പയുള്ളവരുമായ പലരുടേയും സഹായംകൊണ്ടു് ആപൽനാശത്തിനിടയാകാതെ ജനങ്ങളെ ഒരുതരത്തിൽ രക്ഷപ്പെടുത്തുകയുണ്ടായി. എന്നാൽ ആട്ടു മാടുകൾ മുതലായ ജീവികളും നിരവധി ഗൃഹസാമാനങ്ങളും നഷ്ടപ്പെട്ടുപോയി. പാലാ അങ്ങാടിയുൾപ്പെടെ ഒരു മയിൽ രണ്ടുഫർലാംഗ്ദൂരത്തിനിടയ്ക്കുനിന്നതന്നെ ൭൦ വീടുകൾ ഒഴുക്കിൽപ്പെട്ടു നശിച്ചുപോയിട്ടുണ്ടു്. ഇതിനു ഞാൻ ദൃക്സാക്ഷിയാണു്. ഇപ്പോൾ പോയി നോക്കുന്നതായാലും ഈ വാസ്തവം മനസ്സിലാക്കാൻ കഴിയുന്നതാണു്. നശിച്ച വീടുകളിലുണ്ടായിരുന്ന സകല ഉപകരണങ്ങളും നഷ്ടപ്പെട്ടു. അതതുസ്ഥലത്തു വളർത്തപ്പെട്ടിരുന്ന ആട്ടു കോഴി മുതലായ ജീവികളും നശിച്ചു. ഭവനങ്ങളിൽ ഉണ്ടായിരുന്ന ഭക്ഷണസാധനങ്ങളും പാടെ നശിച്ചുപോയി. ൨൬-ന- വെള്ളപ്പൊക്കമുണ്ടായസ്ഥലങ്ങളിൽ തഹശീൽദാർ പോയി നോക്കുകയുണ്ടായി. എന്നാൽ തഹശീൽദാർ ഗവണ്മെൻറിലേയ്ക്കു എഴുതിഅയച്ചഎന്നു എനിക്കുഅറിഞ്ഞുകൂടാ. ഞാനും മിക്കവാറുംസ്ഥലങ്ങളും ൨൬-൨൯- സഞ്ചരിച്ചുകണ്ടു. ദയനീയമായ ആ കാഴ്ച—പരിതാപകരമായ ആ അവസ്ഥ—ഉടൻ ഗവണ്മെൻറിൽ അറിയിക്കുവാൻ എനിക്കു യാതൊരുമാർഗ്ഗവുമില്ലായിരുന്നു.

മീനച്ചിൽ കമ്പിയാഫീസില്ല. ഒന്നു സ്ഥാപിക്കുവാൻ ബ്രിട്ടീഷ് ഗവണ്മെൻറു സമ്മതിച്ചിട്ടുണ്ടെങ്കിലും നമ്മുടെ ഗവണ്മെൻറിന്റെ ബോണ്ടു ലഭിക്കാതെ കിടക്കയാണു്. അഞ്ചലും തപാലും മാത്രം തടയപ്പെട്ടിരുന്നു. അന്യപ്രദേശങ്ങളിലേക്കു പോകുക അസാദ്ധ്യമായിരുന്നു. മിഥുനം ൨൮-ന-ക്കു വെള്ളം സാമാന്യം കുറഞ്ഞു. അന്നുതന്നെ വിവരങ്ങൾ കാണിച്ചു ഞാൻ ദിവാൻജിക്കും കോട്ടയം പോഷ്കാക്കും എഴുതിഅയയ്ക്കുകയുണ്ടായി.

എന്നാൽ ഇതുകൊണ്ടു യാതൊരു പ്രയോജനവും കണ്ടില്ല. ഗവണ്മെൻറു വിജ്ഞാപനത്തിൽ മീനച്ചിലെ വെള്ളപ്പൊക്കത്തെപ്പറ്റിയും വിവരിച്ചുകാണുവാനും ഇടയായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ജൂലൈ ൧൯-ന- ചീഫ് സെക്രട്ടറി എന്റേറപേക്ക ഒരു കമ്പി സന്ദേശം അയച്ചു. എന്നാൽ കോട്ടയത്തു വന്നിട്ട കമ്പിസന്ദേശം സാധാരണ ഗതിയിൽ മീനച്ചിൽ വന്നുചേർന്നതു ജൂലൈ ൧൮-ന- മാത്രമാണു. അന്നാകട്ടെ ഞാൻ പേഷ്കാരെ കാണാനായി കോട്ടയത്തിനു പോയിരുന്നു. പേഷ്കാർ സക്കീട്ടിലായിരുന്നതിനാൽ കണ്ടു പറയാൻ കഴിഞ്ഞില്ല. തിരിച്ചെ വന്നതിനുശേഷമാണു എനിക്കു കമ്പിസന്ദേശം കിട്ടിയതു്. ജൂലൈ ൧൯-ന- ഞാൻ ചീഫ് സെക്രട്ടറിയുടെപേക്ക മറുപടി കമ്പി അയക്കുകയും താലൂക്കിൽ ഒട്ടാകെയുണ്ടായിട്ടുള്ള നഷ്ടങ്ങളുടെ സ്വഭാവത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു വരുത്തണമെന്നു താലൂക്കു പരസ്പരസഹായയൂണിയനോടു അപേക്ഷിക്കയും ചെയ്തു.

ജൂലൈ ൧൦-ന-ക്കു് ഈ വിവരങ്ങൾകാണിച്ചു ഞാൻ ചീഫ് സെക്രട്ടറിക്കു എഴുതിയിട്ടുണ്ടു്.

ഇതിനിടെ ജൂലൈ ൧൭-ന- പേഷ്കാർ ലാലം സന്ദർശിച്ചു. ൧൭ മിന്നിററിനകം തിരിച്ചെപ്പോയി. തഹശീൽദാർ സ്ഥലത്തില്ലായിരുന്നു. ഹെഡ് അക്കൌണ്ടൻറിനെ വിളിച്ചു എന്തോ പറഞ്ഞിട്ടപോയി എന്നാണു ഞാൻ കേട്ടതു്. കാറിൽനിന്നിറങ്ങി നഷ്ടവും സങ്കടവും അനുഭവിച്ചവരുടെ സ്ഥിതി ഒന്നു നോക്കിക്കാണാൻപോലും അദ്ദേഹം പ്രദർശിപ്പിച്ചില്ല. അന്നുതന്നെ ഞാൻ പേഷ്കാരുടെ പേക്കു എഴുതി. സ്ഥലത്തു വരുന്നതായാൽ കുട്ടത്തിൽ സഞ്ചരിച്ചു നഷ്ടപ്പെട്ട സ്ഥലങ്ങൾശരിയായി കാണിച്ചുകൊടുക്കാമെന്നു ഞാൻ എഴുത്തിൽ പ്രസ്താവിച്ചിരുന്നു. മറുപടിപോലും കിട്ടിയില്ല. കക്കടകം ൧൫-ന- സ്ഥലംവിട്ടപോയ തഹശീൽദാർ കക്കടകം ൧൪-ന- തിരിച്ചെ വന്നതായികേട്ടു. ഗവണ്മെൻറിലേക്കു് എന്തു എഴുതിഅയച്ചു എന്നു യാതൊന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. കക്കടകം ൧൪-ന- ഞാൻ കോട്ടയത്തുവച്ചു ദിവാൻജിയെക്കണ്ടു വിവരം പറകയുണ്ടായി. പരസ്പരസഹായസംഘയൂണിയന്റെ അന്വേഷണഫലമായ റിപ്പോർട്ടു കിട്ടിയില്ല. കിട്ടിയാൽ അതു ഗവണ്മെൻറിൽ ഉടൻ സമർപ്പിക്കുന്നതാണു്. ഉത്തരതിരുവിതാംകൂറിൽ നഷ്ടം സാരമില്ലെന്നു അധികൃതവൃത്തങ്ങളിൽനിന്നു പേഷ്കാരോമറെറാ കമ്പിഅടിച്ചതായി ഒരു വിജ്ഞാപനത്തിൽ വായിച്ചു. ആശ്വാസവും തീരെയില്ലതെ. ഇതു വാസ്തവവിരുദ്ധമായഅറിയിപ്പാണു്. ഉള്ള നാട്ടിൽ ഒരു ഉരുൾപൊട്ടിയുണ്ടായ ജലപ്രവാഹത്തിൽപ്പെട്ടു ഒരുസ്ത്രീയും കുട്ടിയും മരിച്ചുപോയി. അവരുടെ വീടും മൃഗങ്ങളും നാമാവശേഷമായി. അതിൽ ഇനി ൫൱ വയസ്സു പ്രായമുള്ള ഒരു ബാലൻ മാത്രമാണു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ശേഷിച്ചിട്ടുള്ളതു്. ഈ നാശം സംഭവിച്ച സ്ഥലത്തു ഞാനും ഒരോളം സ്നേഹിതന്മാരും കൂടിപോയിരുന്നു. നാശങ്ങളുടെ സ്വഭാവത്തിനു തെളിവായി പലഫോട്ടോയും എടുപ്പിച്ചിട്ടുണ്ടു്. അതു ശരിപ്പെടുത്തിക്കിട്ടിയിട്ടില്ല. കൌൺസിൽ കഴിയുന്നതിനു മുമ്പു് വന്നുചേരുമെന്നു കരുതുന്നു. തിരുവിതാംകൂറിനു മുമ്പു നിങ്ങളേവരേയും വിശദമായിക്കാണിക്കാമെന്നാണു് എന്റെ പ്രതീക്ഷ. വളരെ ഏക്കർ സ്ഥലത്തെ അനുഭവങ്ങളും നശിച്ചുകിടക്കുന്ന ആ കാഴ്ച വളരെ ദയനീയമാണു്.

മീനച്ചിലാറിന്റെ ഇരു കരകളിലായി നെല്ലു് നട്ടുനനകൂടി തുടങ്ങിയ ആറുമാസത്തെ ഭക്ഷണദ്രവ്യങ്ങളും ഈരാറുപേട്ട മുതൽ കിടങ്ങൂർ വരെ ഫർമയിൽ സ്ഥലത്തേതു മിക്കവാറും നശിച്ചുപോയി. പാലാ അങ്ങാടിയിലുള്ള ഇരു നില കെട്ടിടങ്ങളുടെ മുകളിലത്തെ നിലമാത്രമെ സാമാന്യമായി ജലോപരികാണുവാനുണ്ടായിരുന്നൊള്ളു. ഇത്ര ഭയങ്കരമായി ദയനീയമായി ഉണ്ടായ അവിചാരിത ആപത്തിൽ അന്വേഷിക്കുവാനും, അനുകമ്പ പ്രദർശിപ്പിക്കാനും ഗവണ്മെൻറിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാർ തയ്യാറാകാഞ്ഞതു കഷ്ടതരം തന്നെ.

മീനച്ചിലെ വെള്ളപ്പൊക്കത്തിന്റെ ആപത്തിൽ മറ്റു ചിലയിടങ്ങളിലെപ്പോലെ കഞ്ഞിവീഴ്ത്തലിനു പണം അനുവദിക്കാത്തതിൽ ഒരു സങ്കടവുമില്ല. നഷ്ടപരിഹാരത്തിനായി അവിടെ ഒന്നും ചെയ്തില്ലാ എന്നുള്ള പരാതിയുമില്ല. ഈശ്വര കാരുണ്യത്താൽ ഒരു തരത്തിൽ അതൊക്കെ അവിടെ നിർവഹിക്കപ്പെട്ടേക്കാം. മീനച്ചിലെ ജനങ്ങളും മഹാറാണി റീജൻറു തിരുമനസ്സിലെ വാത്സല്യ പ്രജകളിൽ പെട്ടവർ—തിരുവിതാംകൂർ പൌരന്മാർ—തന്നെയാണെന്നു ഗവണ്മെൻറു് വിചാരിക്കുന്നു എന്നു കരുതുവാൻ മാർഗ്ഗമെന്താണു എന്നാണു ഞാൻ സംശയിക്കുന്നതു്. ഘോരാപത്തിൽപ്പെട്ടിരിക്കുന്ന ജനങ്ങൾ ജാതി ഏതായാലും, ദേശം ഏതായാലും ഒരുപോലെ അനുകമ്പാർഹന്മാരാണു്. മീനച്ചിലെ ജനങ്ങളോടു് ഈ മനോഭാവം പ്രദർശിപ്പിച്ചു കാണാത്തതിൽ വളരെ വ്യസനമുണ്ടു്. പുരകൾ വീണ്ടും ശരിപ്പെടുത്തി വയ്ക്കുവാൻ കഴിയാത്ത സാധുക്കൾ ഉണ്ടു്, ഗവണ്മെൻറു് അവരെ സഹായിക്കേണ്ടതാണു്. സർക്കുലർ അങ്ങിനെ ചെയ്തിട്ടുണ്ടു്.

കൃഷി നാശം കൊണ്ടും മറ്റും അല്ലൽപ്പെടുന്നവർക്കും വായ്പകൊടുത്തു അവരുടെ സമ്പൽ സമൃദ്ധിക്കു സഹായിക്കാവുന്നതാണു്. ഇതിലേക്കായി ചുമതലയുള്ള ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു കമ്മിറ്റിമൂലം ഗവണ്മെൻറുവേണ്ടവിധം പ്രവർത്തനം ചെയ്യേണ്ടതാണു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

വിഷയത്തിൽ ഇതിലധികമായി പ്രസ്താവനകൾക്കു ഞാൻ തുനിയുന്നില്ല. ഗവണ്മെൻറിന്റെ അനുകമ്പാപൂർവമായ അന്വേഷണത്തിന്റെയും നടപടികളുടേയും ഫലമായി ജനങ്ങൾ സനാഥന്മാരായിരിക്കുന്നുഎന്നു ബോധപ്പെടുവാൻ സംഗതിയാക്കേണമെന്നുള്ള പ്രാർത്ഥനയോടു കൂടി വിരമിച്ചുകൊള്ളുന്നു.

MR. V. S. KRISHNA PILLAI (*Tiruvalla*): ഞാൻ മി. പാച്ചുപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നു. തിരുവല്ലാതാലൂക്കിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വീടുകളുടേയും ജനങ്ങളുടേയും നാശംഒഴിച്ചു ശേഷമുള്ള പലനാശങ്ങളും ഉണ്ടായിട്ടുണ്ട്. ഗതാഗതസൌകര്യങ്ങൾക്കു പല അസൌകര്യവും നേരിട്ടിട്ടുണ്ട്. പലകൃഷികളും നശിച്ചുപോയിട്ടുണ്ട്. എന്നു മാത്രമല്ല മേലാൽ കൃഷിചെയ്യാൻ നിവൃത്തിയില്ലാത്ത വിധം മടകൾ എല്ലാം വീണു ഉദ്ദേശം ൪൪,൦൦൦ പറനിലത്തോളം നശിച്ചിട്ടുണ്ട്. ആളുകളുടെ നാശമില്ലാത്തതുകൊണ്ടും ഗൃഹങ്ങൾ ഒഴുകിപോകാത്തതുകൊണ്ടും തിരുവല്ലായിലെ വെള്ളപ്പൊക്കം അത്രഗൌരവമുള്ളതല്ലെന്നു ആരും ധരിക്കരുതു്.

തിരുവല്ലാ-മാവേലിക്കര റോഡിൽ വെള്ളപ്പൊക്കമില്ലാത്തകാലത്തുപോലും ആറുമയിലെ നീളമുള്ള എങ്കിലും അഞ്ചുകടവുകൾ കടക്കാനുണ്ടു്. ഇതു പല അവസരങ്ങളിൽ ഈ സഭയിൽ പ്രസ്താവിച്ചു് എല്ലാപേരും ധരിച്ചിട്ടുള്ള ഒരു വാസ്തവമാണു്. തിരുവല്ലാ-മാവേലിക്കര റോഡിൽ ൪-ാമത്തേയും അഞ്ചാമത്തേയും മയിലിനമദ്ധ്യത്തുനിന്നു് പിരിയുന്ന മാന്നാർ-പുലിയൂർറോഡിൽ ൯൯-ലെ വെള്ളപ്പൊക്കത്തിൽ ഒരു മട വീഴുകയും അതു നിമിത്തം ഉദ്ദേശം അയിരപ്പറ നിലത്തോളം നശിച്ചുപോകയും ചെയ്തിട്ടുണ്ടു്. ഈ മടകൾ ഗവണ്മെൻറിൽ നിന്നും നന്നാക്കി സംരക്ഷിച്ചുവരികയായിരുന്നു. എന്നാൽ ൯൯-ലെ വെള്ളപ്പൊക്കത്തെക്കാൾ വലിയനഷ്ടമാണു ഇപ്പോൾ ഉണ്ടായിട്ടുള്ളതു്. പുഞ്ചനിലങ്ങളിലെല്ലാം മണ്ണുകയറി ഉപയോഗശൂന്യമായിട്ടു കിടക്കുന്നു. ഈ വിവരമെല്ലാം കാണിച്ചു മാവേലിക്കര അസിസ്റ്റൻറു് ഇഞ്ചിനീയരുടെ പേക്കു ഞാൻ ഒരു ലറർ അയച്ചു. അതിനു എനിക്കു കിട്ടിയ മറുപടി അപ്പോൾ സ്ഥലം വന്നുനോക്കാൻ സൌകര്യമില്ലെന്നും എപ്പോഴെങ്കിലും സൌകര്യം ഉള്ളപ്പോൾ അവിടെ വന്നു നോക്കുന്നതാണെന്നുമാണു്. ഈ മറുപടിയുടെ വിവരം കാണിച്ചു ചീഫ് ഇഞ്ചിനിയർക്കു ഞാൻ എഴുതിഅയച്ചു. ഇങ്ങനെ അസിസ്റ്റൻറു ഇഞ്ചിനീയർ മറുപടി അയച്ചി

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. S. Krishna Pillai.]

രിക്കുന്നു. അതുകൊണ്ടു ഉടൻതന്നെ അവിടെവന്നു നോക്കി വേണ്ട നിവൃത്തിമാർഗ്ഗങ്ങൾ ചെയ്തില്ലെങ്കിൽ ഇന്നയിന്നദോഷങ്ങൾ ഉണ്ടാകുമെന്നുമാണു ചീഫ് ഇഞ്ചിനീയക്കെഴുതിയിരുന്നതു്. ഇങ്ങനെയുള്ള കാര്യങ്ങളിൽ അധികാരികൾ മൌനം ദീക്ഷിക്കുന്നതു ആക്ഷേപയോഗ്യമായ സംഗതിയാണു്.

ഞാൻ ഒരു സിലക്ട് കമ്മിറ്റിമീറ്റിങ്ങിനു ഇവിടെ വന്നു തിരിയെപോയ അവസരത്തിലാണു എനിക്കു ചീഫ് സെക്രട്ടറിയുടെ കമ്പികിട്ടിയതു്. അതുനോക്കി താലൂക്കധികാരികളോടു ചോദിച്ചതിൽ ഞാൻ ഇതിനു മറുവടി അയക്കേണ്ട ആവശ്യമില്ലെന്നും അവർ വേണ്ടപോലെ അന്വേഷിച്ചു റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും പറഞ്ഞു. താലൂക്കധികാരികൾ യഥാർത്ഥം ഗവണ്മെൻറിനെ ധരിപ്പിച്ചിട്ടുള്ള സ്ഥിതിക്കു പി. ഡബ്ലിയു. ഡി. മുഖാന്തിരം പരിഹാരമാർഗ്ഗം ഉണ്ടാക്കാമെന്നുദ്ദേശിച്ചാണു ഞാൻ മേൽപ്രസ്താപിച്ച നടപടിനടത്തിയതു്. എന്നാൽ ഓരോ സ്ഥലത്തേയും ചുമതലാബോധമുണ്ടായിരിക്കേണ്ട ഉദ്യോഗസ്ഥന്മാർ വേണ്ടപോലെ അന്വേഷിച്ചു് സംഗതികളുടെ ഗൌരവം മനസ്സിലാക്കിയില്ലെങ്കിൽ അതിൽപരം കഷ്ടം മറെറാന്നില്ല. ഉദ്യോഗസ്ഥന്മാരുടെ കൃത്യനിർവ്വഹണത്തിൽ ഉള്ള അശ്രദ്ധ നിമിത്തം പൊതു ജനങ്ങൾ പലപ്രകാരത്തിലുള്ള ബുദ്ധിമുട്ടുകളും കഷ്ടതകളും അനുഭവിച്ചു വരുന്നുണ്ടു്. അതിനാൽ മേലാൽ അങ്ങിനെവരാതെ വേണ്ട പരിഹാരങ്ങൾ ചെയ്യണമെന്നാണു എന്റെ അപേക്ഷ.

ഇതിനും പുറമെ ലാൻറ് റവന്യൂ കമ്മീഷണരോടു പുഞ്ചകൃഷിക്കു നേരിട്ടിട്ടുള്ള നാശത്തെ പറ്റി (വെള്ളപ്പൊക്കം നിമിത്തം ഉണ്ടായിട്ടുള്ള നാശമല്ലാ) അന്വേഷണം നടത്തി എന്തെങ്കിലും പരിഹാരമുണ്ടാക്കിത്തരണമെന്നു ഞാൻ കഴിഞ്ഞകൌൺസിലിൽ ആവശ്യപ്പെട്ടപ്പോൾ മിസ്റ്റർ റാബിൻസൻ അവിടെ വന്നു നോക്കി വേണ്ട പരിഹാരമുണ്ടാക്കിത്തരാമെന്നു പറഞ്ഞു. അദ്ദേഹം സ്ഥലത്തു വന്നിരുന്നു. ചെന്നിത്തല വന്നു അവിടെയുള്ള നാശങ്ങളെപ്പറ്റി എന്റെ സ്നേഹിതൻ മിസ്റ്റർ ആശാനുമായിട്ടു ആലോചിച്ചു. ഈ വിവരം അറിഞ്ഞു ഞാൻ സ്ഥലത്തെത്തിയപ്പോൾ അദ്ദേഹം ചെന്നിത്തലവരെ വന്നു നോക്കിയിട്ടു പോയി എന്നു അറിഞ്ഞു. ഉടനെ ഞാൻ അദ്ദേഹം താമസിച്ചിരുന്ന ടി. ബി. യിൽ പോയി. അപ്പോൾ അദ്ദേഹം പോയി കഴിഞ്ഞു. ചെന്നിത്തല പോലെയുള്ള സ്ഥിതിയായിരിക്കും മറു സ്ഥലങ്ങളിലേയും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി എന്നു മനസ്സിലാക്കിയായിരിക്കാം അദ്ദേഹം മാന്നാറ് മുതലായ സ്ഥലങ്ങൾ സന്ദർശിക്കാത്തതെന്നു ഞാൻ സമാധാനപ്പെട്ടു.

പുഞ്ചനിലങ്ങളുടെ ഉപയോഗത്തിന്നായിട്ടു പമ്പയ്ക്കരി ആറു എന്നു ഒരു തോട് വെട്ടീട്ടുണ്ട്. ഈ തോട് കൊണ്ടുള്ള പ്രയോജനം എവിടെയെല്ലാമുണ്ടോ ആ നിലങ്ങളുടെ ഉടമസ്ഥന്മാർ ഒരു സെസ്സ് കൊടുക്കണമെന്നു നിശ്ചയിച്ചു. ഈ തോട് എത്ര നിലങ്ങൾക്കു പ്രയോജനമുണ്ടാകുമെന്നു അന്വേഷിച്ചു റിപ്പോർട്ട് ചെയ്യാൻ ചീഫ് ഇഞ്ചിനീയരെയാണ് ചുമതലപ്പെടുത്തിയത്. ഈ തോട്ടിൽ കൂടി പോകുന്ന വെള്ളം എത്ര ഏക്കർ നിലങ്ങൾക്കാണ് ഉപയോഗപ്പെടുന്നതെന്നുള്ളതു് എങ്ങിനെയാണ് നിർണ്ണയിക്കുന്നതെന്നു എനിക്കറിഞ്ഞുകൂടാ.

PRESIDENT: Mr. Krishna Pillai, it is not relevant to the subject under discussion.

MR. V. S. KRISHNA PILLAI (*Tiruvalla*): സെസ്സ് എത്ര ശുപാ കൊടുക്കണം, അധികാരികൾ പൊതു ജനങ്ങളുടെ രക്ഷയെ ആസ്പദമാക്കി എങ്ങിനെ പ്രവർത്തിക്കുന്നു, എന്നു ഗവണ്മെൻറിനെ മനസ്സിലാക്കാനാണ് ഞാൻ ഇതിവിടെ പ്രസ്താപിക്കുന്നതു്. ചുമതല ബോധമുണ്ടായിരിക്കേണ്ട ഉദ്യോഗസ്ഥന്മാർ അപൂർണ്ണമായ അറിവു സമ്പാദിച്ചുവച്ചുകൊണ്ടു ജനങ്ങളുടെ രക്ഷയെ നോക്കാതെ പ്രവർത്തിക്കുന്നതിനു ഇടവരാതിരിക്കുന്നതിനു വേണ്ടതു ചെയ്യണമെന്നാണ് ഞാൻ പറയുന്നതു്.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): I rise to speak a few words on the motion before the House. The Travancore agriculturists are mainly dependent upon the monsoons and the rivers of Travancore. Except in South Travancore we in Central and Northern Travancore have mainly to depend upon the fertilisation: silt through these rivers, and the timely rainfall during these crop seasons. As far as my constituency is concerned, about which alone I mean to refer at present, it is mainly a constituency consisting of agriculturists. Our main crop is paddy; and the paddy cultivation is more dependent upon timely rains than most of the other cultivations. Our paddy has to be obtained either from the Punja crop in Medam or from the Viruppu crops in Chingam, Kanni and Makaram. The Medam crop has been an utter failure in most parts of my constituency due to the untimely and heavy rains; and the Viruppu crops which have to be taken in Chingam and Kanni are completely lost owing to these heavy rains during Edavam and Mithunam. The result is that the agriculturists in our place are in an utterly helpless condition.

As regards the untimely rains about which also there is reference in the Adjournment Motion, I had moved the Government in Medam; and the Land Revenue Commissioner was directed by the Dewan to visit the affected areas. It seems that he has obtained reports from the Taluk Officers and that he is trying to do something in the amtter. I

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. S. Damodaran Asan.]

have interpellated the Government on the same question. The requests which I have to make as regards this failure of crops during Medam and Chingam are that the Government should show that they feel the loss sustained by the people. They must show that the Government is a living organism and that any damage caused to one particular limb will affect the whole body and that they will respond to the needs of the people. For these purposes I will make one or two suggestions which the Government should adopt in this matter.

Remission of taxes in cases of failure of crops is a point to which the Government should pay particular attention. Not that the remission of taxes is going to materially compensate the ryot for the loss that he has sustained, but he will have greater confidence in the Government if the Government make remissions in those cases where there is very great failure of crops. We find that even in the absence of a Legislative Council or Popular Assembly, in 1036 there was very heavy damage owing to these floods and the Government remissions of taxes amounted to 2 lakhs, when the land revenue was only about 20 lakhs. But, if we, the members of the Council, find that the Government which is supposed to be prepared to care for the representations made here could not be moved to make a remission of taxes in cases of failure of crops I ask what our justification is for proceeding in this manner. Sir, in 1036 the Government proceeded further and induced the British Government not to levy duties on food crops in order to alleviate the sufferings of the persons affected by the floods. Here I request the Government only to make remission of taxes in those cases in which the people were not able to get any return from the crops during Medam, Chingam and Kanni.

Then, another point to which I wish to draw the attention of the Government is the repair of bridges, roads and other *chiras* during these floods. If the Government delay this matter it is sure that the crops of other seasons also will fail, and so the Government should consider this as an important and urgent measure and devote its energies and funds for the same purpose. During 1099 the Government resorted to the advance of agricultural loans through the Co-operative Societies. The losses which have occurred in 1104 are not in any way less than those that occurred in 1099. In 1104 we are losing so many crops. In 1099 the floods have caused damages only to certain crops; and so this year also the Government would do well to allot a sufficient sum for the agricultural loans through Co-operative Societies. The extent of damage is mainly due to want of attention on irrigation works; and I hope, hereafter, Government will pay greater attention for improving the irrigation works of the State.

Just to draw the attention of the Government to the insecure nature of income obtained from these wet lands, I will refer to a passage in the Travancore State Manual, Vol. III, where, when speaking about the cultivators of Kuttanad Punja lands, it is stated:

LIBRARY ARCHIVES Kerala Legislative Assembly

"This tract is frequently liable to vicissitudes of the weather, as an unexpected rise of the stream that intersects it (which a few hours of rain is sufficient to swell) forces the slender embankments guarding the crops and frustrates in a moment the hopes of the farmer. But the regularity of the seasons gives here tolerable security against such accidents."

This question applies to most of the Punja lands.

And so I request the Government to devote their attention to this important matter and to generate a confidence in the afflicted population of the State.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : മി: പാച്ചുപിള്ളയുടെ പ്രമേയത്തോട് ഞാനും യോജിച്ചുകൊള്ളുന്നു. മിഥുനം ൨൬–ംൟ–ം ൟ൮–ം ൨൪–ം തീയതികളിൽഉണ്ടായവെള്ളപ്പൊക്കം ൧൯൨൪ൽ ഉണ്ടായ വെള്ളപ്പൊക്കത്തിനു സമാനമത്രേ. അതിൽ വല്ല വ്യത്യാസവുമുണ്ടെങ്കിൽ അതു പകൽ വെള്ളംപൊങ്ങിയതുകൊണ്ട് ആഠം നാശമുണ്ടായില്ലെന്നും വലിയമരങ്ങൾ മുഴുവടെപിഴുതുവന്നു വലിയ നാശങ്ങൾ ചെയ്തുയോ ആ തടികളിൽ നിന്നും ഗവർമെൻറിലേക്കുആദായം കിട്ടുകയോചെയ്തിട്ടില്ലെന്നു് ഉള്ളതും മാത്രമാണു്. മണിമല, പമ്പ, അച്ചൻകോവിൽ ഈ നദികളുടെ തീരങ്ങളിൽ ഉള്ള അനേകം പുരയിടം, നിലം പതിച്ചുപോയിട്ടുണ്ട്. കൃഷിയിടം, കന്നുകാലികൾ ഇവകളെല്ലാം നശിച്ചുപോയി. ഇതിനെ സംബന്ധിച്ചു തിരുവല്ലാ തഹശീൽദാരോ പത്തനംതിട്ട തഹശീൽദാരോ അന്വേഷണം നടത്തിയതായിട്ടറിവില്ല. സുപ്രസിദ്ധമായ ഇരപ്പുഴപാലത്തിനു സമീപംതാഴെയായിട്ടുനാലഞ്ചു ഉടവുകൾ വീണു അനേകായിരപ്പറ വിരിപ്പുകൃഷി നിലങ്ങളും മുഴുവനും നശിച്ചുപോയി. കുംഭമാസത്തിലുണ്ടായ വഷ്ടാധിക്യംനിമിത്തം കന്നികൃഷി വളരെ താമസിച്ചാണ ചെയ്തതു. അതു ഫലമില്ലാതെയായി. മടയെ സംബന്ധിച്ചു ചെങ്ങന്നൂർ ഏതാനും പേർ എക്സിക്യൂട്ടീവ് ഇഞ്ചിനിയരുടെ അടുക്കൽ സങ്കടം പറഞ്ഞുഎന്നും അദ്ദേഹം അതുനു സരിച്ചു ആ സ്ഥലം വന്നു നോക്കുകപോലും ചെയ്തില്ലെന്നുമാണ് എന്റെ അറിവു. മിഥുനം ൨൬–ാംനു എക്സിക്യൂട്ടീവ് ഇഞ്ചനീയർ ടി. ബി. യിൽ ഉണ്ടായിരുന്നു. ഇരപ്പുഴപാലത്തിനടുത്തു ഒന്നരണ്ടു പുരകളും കന്നുകാലികളുടെ ശവങ്ങളും ഒഴുകിവരുന്നതു ഞാനും കാണുകയുണ്ടായി. ഇതെല്ലാം കണ്ടിട്ടും അദ്ദേഹം എന്തു നടപടി നടത്തിഎന്നുള്ളതു എനിക്കറിഞ്ഞുകൂടാ. അതിനാൽ ഗവർമെൻറുതന്നെ ഇതിലേക്കു വല്ല പരിഹാരവും ഉണ്ടാക്കിത്തരണമെന്നു അപേക്ഷിക്കുന്നു

MR. MATTHEW MURIKKAN (*Vaikam*): I wish to participate in the discussion on the havoc done by floods. In so far as my constituency is concerned, to some extent, it was also affected by floods. My friends who spoke on this subject have very graphically described the

LIBRARY ARCHIVES Kerala Legislative Assembly

[Mr. Matthew Murikkan.]

havoc done by the floods. Therefore, I do not want to detail once more the various items of damage done to the various parts of my constituency and also to other parts of our country. I am not also in a position to bring to the notice of Government a sufficiently clear account of the damage that was caused in my constituency, because I was in the metropolis in connection with the Finance Committee meetings. Therefore, I could not describe what actually happened and my information is based on the subsequent enquiry I made. Sir, my constituency is a very small area when compared to Shertallai and the constituencies of those friends, who have already spoken on the subject. In my constituency, two or three centres have been vitally affected, for instance, the extensive pakuties of Vadayar, Vetchoor and Maravanthooruthu. These portions have been seriously affected and this is what I have to submit in connection with the damage done to my constituency. Anyhow, I wish to make a few observations with regard to floods in general in Travancore.

My friend Mr. Asan has given us a history of floods and from that history we can understand that floods have become very frequent in recent times. It is a matter of supreme interest for a progressive administration to make an enquiry into the cause of this. To my mind, the recent activity in connection with the disafforesation and the activities of the people of Kuttanad in reclaiming the lake regions are the chief causes. As a result, the inrush of water is too quick. It is only right, that Government devise remedial measures, either in consultation with the Economic Development Board or in consultation with some experts. I would also wish to call the attention of the Government to the preventive measures that could be adopted. Some of my friends also observed, that means of communication have been considerably intercepted. But this would not take place only if the officers of the Public Works Department have been careful in the matter. For instance I would draw the attention of the Chief Engineer to the representation I got this morning wherein the people of Vadayar have brought to the notice of the Chief Engineer, the indifference shown by the Section Officer, in that place. The petition runs as follows:—

"On the 22nd evening after midnight the river bank at Vadayar (east of Elankavu temple and school) was overflown and water began to flow through the bund and road close by. Hearing the great noise of water, inmates of the adjoining house came out, and called for aid from other houses. When it was daybreak, a gap was made in the bank about 4 or 5 feet in depth. Those that assembled, made an attempt, in vain to close the gap. The matter was immediately reported to the Section Officer concerned. He came after four or five days with the Division Officer to whom we narrated all the stories in addition to a petition showing the details, put in by the females who became houseless by the flood havoc described above".

But this is not the only negligence of duty shown by the P. W. D. Officers. There is only a distance of 3 miles between Vaikam and Vadayar.

LIBRARY ARCHIVES Kerala Legislative Assembly

Under the circumstances, it is really a matter for great regret, that the Section Officer should be sleeping over the matter and I am sure Mr. Vipan, the Chief Engineer, would call for the explanation of the officer concerned.

MR. A. VIPAN (*Chief Engineer*): I have already obtained the explanation of the officer concerned.

MR. MATTHEW MURIKKAN (*Vaikam*): Thank you, Sir.

Then, coming to remedial measures, that is to say, how the havoc done by the floods could be set at right by the Government, that is the most important point. My friend Mr. Asan suggested that there should be a remission of tax. Then how is it possible for the Government to know as to who actually sustained the damage. It is really a problem to be solved, especially in the light of the inactivities of the subordinate officers of the Revenue Department. But all that I wish to do is, to insist on Government to allow remission of tax which is absolutely necessary in the case of really aggrieved persons.

